**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 153** **23-01-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | 2019-ലെ കേന്ദ്ര തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച ഏതെല്ലാം പദ്ധതികൾക്കാണ് ദേശീയ തീരദേശ മേഖലാ മാനേജ്മെന്റ് അതോറിറ്റി യോഗം അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2019 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരം സംസ്ഥാന സർക്കാർ തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിൽ തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറ്റുന്നതിന് എത്ര പഞ്ചായത്തുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്നും ഇതുവഴി എന്തെല്ലാം നിയന്ത്രണങ്ങളിലാണ് ഇളവ് നൽകിയതെന്നും വ്യക്തമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിൽ നിന്ന് അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക് എന്നീ പഞ്ചായത്തുകളെ CRZ II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ Atomic minerals ന്റെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങൾ CRZ III Aയിലും അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ Atomic minerals ന്റെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങൾ CRZ III B യിലും ഉൾപ്പെടുന്നു. CRZ II ൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്തേയ്ക്ക് നിർമ്മാണാനുമതി ലഭിക്കുന്നതാണ്. സി.ആർ.ഇസഡ് III A യിൽ കടലിന്റെ വേലിയേറ്റ നിരയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ.ഇസഡ് III B യിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയായി തുടരും. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ.ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ, കരയിലേയ്ക്കുള്ള പ്രദേശങ്ങളോ ഏതാണ് കുറവ് അതും വികസന രഹിത മേഖലയാണ്. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ പ്രവർത്തന രഹിത മേഖല ബാധകമല്ല. |
| (സി) | തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്നും രണ്ടിലേയ്ക്ക് മാറ്റുന്നതിന് പ്രസ്തുത ജില്ലയിൽ ഇളവുകൾ | (സി) | കേരളത്തിലെ 66 ഗ്രാമപഞ്ചായത്തുകളെ CRZ III-ൽ നിന്ന് CRZ II ലേയ്ക്ക് തരം മാറ്റിയിട്ടുണ്ട്. കൂടാതെ 37 |

| | | | |
|---|---|---|---|
| | ലഭിക്കാത്ത പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ഇളവുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | ഗ്രാമപഞ്ചായത്തുകളെ CRZ III A യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 66 ഗ്രാമപഞ്ചായത്തുകളെയാണ് CRZ II ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി വരുന്ന 109 ഗ്രാമപഞ്ചായത്തുകൾ കൂടി CRZ II ൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ